# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/17/2018 2018 ജനുവരി 22

## പത്രക്കുറിപ്പ്

### അക്കാദമിക് കൗൺസിൽ യോഗം

മഹാത്മാഗാന്ധി സർവ്വകലാശാലാ അക്കാദമിക് കൗൺസിലിന്റെ യോഗം ഫെബ്രുവരി 24ന് രാവിലെ 10 മണിക്ക് സർവ്വകലാശാലാ കാമ്പസിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ വച്ച് കൂടുന്നതാണ്. യോഗത്തിൽ അവതരിപ്പിക്കേണ്ട പ്രമേയങ്ങൾ ഫെബ്രുവരി 3ന് മുൻപായി രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

### സിൻഡിക്കേറ്റ് യോഗം

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം ഫെബ്രുവരി 3ന് രാവിലെ 10.30ന് സർവ്വകലാശാലാ ഭരണവിഭാഗത്തിലെ സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ്.

### സർവ്വകലാശാലാ പ്രധാന കാമ്പസിന് അവധി

അതിരമ്പുഴ പള്ളി തിരുനാൾ പ്രമാണിച്ച് ജനുവരി 25ന് (വ്യാഴം) അതിരമ്പുഴ പഞ്ചായത്തിൽ പ്രാദേശിക അവധി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ അന്നേദിവസം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അതിരമ്പുഴ കാമ്പസിലെ ഓഫീസുകൾ പ്രവർത്തിക്കുന്നതല്ല. എന്നാൽ പ്രധാന കാമ്പസിന് പുറത്തുള്ള ഓഫീസുകൾക്കും ഡിപ്പാർട്ട്മെന്റുകൾക്കും അന്ന് പ്രവൃത്തിദിനമായിരിക്കും.

### പ്രാക്ടിക്കൽ

2017 ഒക്ടോബറിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. മ്യൂസിക് വോക്കൽ (സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 29 മുതൽ 31 വരെ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ.

### എം.ഫിൽ പ്രവേശന പരീക്ഷ

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എം.ഫിൽ പ്രോഗ്രാമിന് അപേക്ഷിച്ചവർക്കുള്ള പ്രവേശന പരീക്ഷ ജനുവരി 31ന് രാവിലെ 11 മണിക്ക് പഠനവകുപ്പിൽ വച്ച് നടത്തുന്നതാണ്.

### പരീക്ഷാഫലം

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. പ്ലാന്റ് ബയോടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 5 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.സി.ജെ. (പി.ജി. സി.എസ്.എസ്. റഗുലർ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 5 വരെ അപേക്ഷിക്കാം.

2017 സെപ്തംബറിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് നടത്തിയ രണ്ടാം സെമസ്റ്റർ എൽ.എൽ.എം. കോൺട്രാക്ട് ലോ, എൻവയൺമെന്റൽ ലോ, ക്രിമിനൽ ലോ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2016 ആഗസ്തിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ് എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ആഗസ്തിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോകെമിസ്ട്രി, മൈക്രോ ബയോളജി, ബയോടെക്നോളജി, ബയോഫിസിക്സ് എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**